3. തലക്കളത്തൂർ പഞ്ചായത്ത്

ജി.എം.എൽ.പി.എസ്. തലക്കളത്തൂർ (ഭാഗികം)

4. ഉള്ളിയേരി പഞ്ചായത്ത്

എ. ജി.എൽ.പി.എസ്., മുണ്ടോത്ത്
ബി. ജി.എൽ.പി.എസ്., ഉള്ളിയേരി
സി. ജി.എൽ.പി.എസ്., കന്നൂർ
ഡി. ജി.എൽ.പി.എസ്., കക്കഞ്ചേരി
ഇ. ജി.എൽ.പി.എസ്., പുത്തഞ്ചേരി

5. പനങ്ങാട് പഞ്ചായത്ത്

ജി.യു.പി.എസ്. കിനാലൂർ

6. അത്തോളി പഞ്ചായത്ത്

ജി.ഡബ്ല്യു.എൽ.പി.എസ്., കൊളക്കാട്

(ബി) ഇല്ല.

എസ്.എസ്.എൽ.സി. വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ്

42 [2259] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് ഉന്നത വിജയം നേടുന്ന വിദ്യാർത്ഥികൾക്ക് സംസ്ഥാന ഗവൺമെന്റ് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി ഇപ്പോൾ നിലവിലുണ്ടോ; എങ്കിൽ ഓരോ വർഷവും എത്ര വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നുവെന്നും തുക എത്രയാണെന്നും ഇതിനായി വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ എങ്ങനെയാണെന്നും വ്യക്തമാക്കുമോ;

(ബി) സ്കോളർഷിപ്പിനായി തിരഞ്ഞെടുത്തിട്ടുള്ള വിദ്യാർത്ഥികൾക്ക് തുക ലഭിച്ചിട്ടില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഏറ്റവും അവസാനം ഏതു വർഷം വരെയാണ് സ്കോളർഷിപ്പ് സംഖ്യ നൽകിയിട്ടുള്ളത്;

(സി) 2002-2003 വർഷം എത്ര വിദ്യാർത്ഥികളെ തിരഞ്ഞെടുത്തിട്ടുണ്ടെന്നും, 2003-04 വർഷത്തെ അർഹരായ വിദ്യാർത്ഥികൾക്ക് എന്നാണ് ഇതിനായി അപേക്ഷ നൽകേണ്ട അവസാന തീയതി എന്നു വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) എസ്.എസ്.എൽ.സി. പരീക്ഷയിൽ ഉന്നത വിജയം നേടുന്നവർക്ക് റാങ്കടിസ്ഥാനത്തിൽ സംസ്ഥാന ഗവൺമെന്റ് സ്കോളർഷിപ്പ് നൽകിവരുന്നുണ്ട്. അതിൽ പ്രാമുഖ്യമുള്ളതാണ് ജില്ലാ മെറിറ്റ് സ്കോളർഷിപ്പ്. എസ്.എസ്.എൽ.സി. പരീക്ഷയിൽ സംസ്ഥാനതലത്തിൽ ഒന്നുമുതൽ പതിനഞ്ച് റാങ്ക്വരേയും 15 റാങ്കിനു ശേഷം വരുന്ന വിദ്യാർത്ഥികൾക്ക് അതാത് ജില്ലകളിൽ ആദ്യത്തെ അഞ്ച് റാങ്കുകൾ കരസ്ഥമാക്കിയവർക്ക് +1 കോഴ്സ് മുതൽ ബിരുദാനന്തര ബിരുദ കോഴ്സ് വരെ പ്രതിവർഷം 4000 രൂപ വച്ച് നൽകുന്നു. ഈ സ്കോളർഷിപ്പിന് അപേക്ഷിക്കുവാൻ സമയപരിധിയോ വരുമാന പരിധിയോ ഇല്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മതിയായ ബഡ്ജറ്റ് വിഹിതത്തിന്റെ അഭാവത്തിൽ സ്കോളർഷിപ്പ് അടിസ്ഥാന വർഷം 2001-2002-ൽ (എസ്.എസ്.എൽ.സി. മാർച്ച് 2001) ലിസ്റ്റിലുള്ള 451 പേരിൽ 139 പേർക്ക് മാത്രമേ +1, +2 കോഴ്സിനുള്ള സ്കോളർഷിപ്പ് അനുവദിച്ചിട്ടുള്ളൂ. ഒരു കോടിയിലേറെ രൂപ ബഡ്ജറ്റിൽ വകകൊള്ളിച്ചാൽ മാത്രമേ ഇത് പൂർണ്ണതോതിൽ നൽകാനാവുകയുള്ളൂ.

(സി) 2002-03. (എസ്.എസ്.എൽ.സി. മാർച്ച് 2002) ജില്ലാതല മെറിറ്റ് സ്കോളർഷിപ്പിന് അർഹരായവർ 704 പേർ ആണ്. 2003-04 വർഷത്തെ അപേക്ഷകൾ ക്ഷണിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ സ്വീകരിച്ചുവരികയാണ്. അപേക്ഷ സ്വീകരിക്കുന്നതിന് അവസാന തീയതി നിശ്ചയിച്ചിട്ടില്ല. മേൽപ്പറഞ്ഞ സ്കോളർഷിപ്പിന് പുറമെ എസ്.എസ്.എൽ.സി.-ക്ക് ഉയർന്ന മാർക്ക് വാങ്ങുന്നവർക്ക് താഴെ പറയുന്ന സ്കോളർഷിപ്പുകൾകൂടി ഈ വകുപ്പിൽ നിന്ന് നൽകിവരുന്നു.

1. നാഷണൽ മെറിറ്റ് സ്കോളർഷിപ്പ് :

കുടുംബ വാർഷിക വരുമാനം 25000 രൂപയ്ക്ക് താഴെയുള്ള, +1 കോഴ്സിന് പഠിക്കുന്ന 900 പേർക്ക് പ്രതിമാസം 60 രൂപ നൽകുന്നു.

2. സ്റ്റേറ്റ് മെറിറ്റ് സ്കോളർഷിപ്പ് :

ഒരു ലക്ഷം രൂപ വരെ വരുമാന പരിധിയുടെ അടിസ്ഥാനത്തിൽ എസ്.എസ്.എൽ.സി. പരീക്ഷ കഴിഞ്ഞ ഉന്നത വിദ്യാഭ്യാസം തേടുന്ന 450 പേർക്ക് പ്രതിവർഷം 1000 രൂപ വീതം അനുവദിക്കുന്നുണ്ട്.

ഗൾഫ് രാജ്യങ്ങളിൽ എസ്.എസ്.എൽ.സി. പരീക്ഷ ക്രമക്കേട് കൂടാതെ നടത്തുവാൻ നടപടി

43 [2260] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് ഏതെല്ലാം ഗൾഫ് രാജ്യങ്ങളിലാണ് സെന്ററുകൾ അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;